SECOND TERMINAL EXAMINATION 2017

SOCIAL SCIENCE ANSWER KEY

STD IX

Qn. No.	VALUE POINTS	Split up score	Total score
1	തിരഞ്ഞെടുപ്പ് കമ്മീഷൻ	1x1	1
2	ബി) പ്രതിശീർഷവരുമാനം	1x1	1
3	പസഫിക് ഫലകം	1x1	1
4	എ) ഭാസ്കര -2	1x1	1
5	• *ജാതി, മത, വർഗ, ഭാഷ, ലിംഗ വ്യത്യസങ്ങളില്ലാതെ പ്രായപൂർത്തിയായ എല്ലാവർക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശം.* • *18 വയസ്സായവർക്ക് അർഹത*	2x1	2
6	**<u>ഇടങ്കൈ ജാതികൾ</u>** –കച്ചവടം, കൈത്തോഴിൽ എന്നീ മേഖലകളിൽ പ്രവർത്തിച്ചിരുന്നവർ **<u>വലങ്കൈ ജാതികൾ</u>** –കാർഷിക മേഖലകളിൽ പ്രവർത്തിച്ചിരുന്നവർ	2x 1	2
7	➢ *ഇത് ഒരു ശരാശരി വരുമാനമാണ്.* ➢ *സമ്പത്തിന്റെ തുല്യമയ വിതരണവും അതുവഴിയുണ്ടാകുന്ന സാമൂഹികക്ഷേമവും ഇത് പരിഗണിക്കുന്നില്ല* ➢ *വിദ്യാഭ്യാസം, പോഷകാഹാരലഭ്യത, ആരോഗ്യസംരക്ഷണം തുടങ്ങിയ ജീവിതഗുണമേന്മ ഘടഗങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നില്ല* ***(any two)***	2x1	2
8	**നിർബന്ധിത കുടിയേറ്റം** • പ്രകൃതി ദുരന്തങ്ങൾ. • തൊഴിലില്ലായ്മ. • യുദ്ധം **ആകർഷക കുടിയേറ്റം** • നല്ലകാലാവസ്ഥ • വിദ്യാഭ്യാസ സൗകര്യങ്ങൾ • തൊഴിൽ അവസരങ്ങൾ	2x1	2
9	✔ ആത്മീയ ജീവിതത്തിന് പ്രാധാന്യം നൽകി. ✔ ദൈവത്തോട് കൂടുതൽ അടുക്കാനുള്ള മാർഗമായി ഭക്തിയെ കണക്കാക്കി. ✔ എല്ലാ മനുഷ്യരെയും ബഹുമാനിക്കണം *(any two)*	2X1	2
10	◆ ലാവ പൊടിഞ്ഞുണ്ടാകുന്ന മണ്ണ് ഫലഭ്രയിഷ്ഠമാണ്. ◆ അഗ്നിപർവതസ്ഫോടന സമയത്ത് പുറത്തേക്ക് വരുന്ന ചാരം വളമായി ഉപയോഗിക്കാം. ◆ ഗീസറുകൾ രൂപപ്പെടുന്നു ***(any two)***	2x 1	2

Colin Jose.E
HSA(SS)
Dr.AMMRHSS Kattela
Thiruvananthapuram

Biju.M
HSA(SS)
GHSS Parappa
Kasargod

11	• *കുരിശു യുദ്ധങ്ങൾ* • *പ്ലേഗ് പടർന്ന് പിടിച്ചത്* • *ദേശ രാഷ്ട്രങ്ങളുടെ ആവിർഭാവം* • *വെടിമരുന്നിന്റെ നിയന്ത്രണം രജാക്കന്മാർ ഉപയോഗപ്പെടുത്തിയത്* ***(any three)***	**3x 1**	**3**
12	• ഗവൺമെന്റിനെയും ജനങ്ങളെയും ബന്ധിപ്പിക്കുന്നു. • പൊതുജനാഭിപ്രായം രൂപീകരിക്കുന്നു. • ഗവൺമെന്റ് രൂപീകരിക്കുന്നു. • പ്രതിപക്ഷമായി പ്രവർത്തിക്കുന്നു. • വിവിധ നയങ്ങളും പരിപാടികളും മുന്നോട്ട് വയ്ക്കുന്നു **(any three)**	**3x 1**	**3**
13	• *നക്ഷത്രാകൃതി വിവിധ റോഡുകൾ സന്ധിക്കുന്ന ഇടങ്ങളിൽ രൂപം കൊള്ളുന്നു.* • *രേഖാകൃതി റോഡ്, നദി, തീരരേഖ എന്നിവയ്ക്ക് സമാന്തരമായി വികസിച്ച് വരുന്നത്* • *വൃത്താകൃതി ജലശയങ്ങൾ, മേച്ചിൽപ്പുറങ്ങൾ, ആരധനാലയങ്ങൾ തുടങ്ങിയവയെ ചുറ്റി രൂപം കൊള്ളുന്നത്*	**3 x1**	**3**
14	● *ശൈലവൃഷ്ടി.* • *കടലിൽനിന്നു നീരാവി നിറഞ്ഞ കാറ്റ് കരയിലേക്ക് നീങ്ങുന്നു.* • *പർവതച്ചരിവുകളിലൂടെ ഉയർന്ന് തണുത്ത് ഘനീഭവിച്ച് മേഘരൂപം പ്രാപിക്കുന്നു.* • *കാറ്റിന് അഭിമുഖമായ പർവതങ്ങളുടെ വശങ്ങളിൽ പെയ്തിറങ്ങുന്നു.*	**1 x 1=1** **2**	**3**
15	എ. അപരദനം. ബി. കീഴ്ഘട്ടം സി. അപരദനം ഡി.കീഴ്ഘട്ടം	**4x1**	**4**
16	**എ** / **ബി**: മീരാഭായി – ഭജൻ കബീർ – ദോഹ ഗുരുനാനാക്ക് – ഷാബാദ് ബസവണ്ണ – വചനസാഹിത്യം	**4x1**	**4**
	17 to 26 Answer any Eight		
17	**<u>മിയാൻഡറുകൾ</u>** • ചരിവ് കുറഞ്ഞ പ്രദേശത്തുകൂടി പോകുന്ന നദിയുടെ ഒഴുക്കിനെ അവസാദങ്ങളോ ശിലാരൂപങ്ങളോ തടസപ്പെടുത്തുമ്പോൾ നദി വളഞ്ഞൊഴുകുന്നു. • ഇത്തരത്തിൽ വളഞ്ഞൊഴുകുന്ന നദീഭാഗമാണ് മിയാൻഡറുകൾ. **<u>ഓക്സ് ബോ തടാകങ്ങൾ</u>** • നദികളിലെ വലയങ്ങൾ തുടർച്ചയായ അപരദന നിക്ഷേപണ പ്രക്രിയകളിലൂടെ കൂടുതൽ വളയുകയും തുടർന്ന് നദി നേർഗതി സ്വീകരിക്കുകയും ചെയ്യുന്നു. • വളഞ്ഞൊഴുകിയ ഭാഗം നദിയുടെ പ്രധാന ഭാഗത്തുനിന്ന് വേർപെട്ട് ഒറ്റപ്പെട്ട തടാകങ്ങളാകുന്നതാണ് ഓക്സ് ബോ തടാകങ്ങൾ	**2** **2**	**4**

18	• അവശ്യ സാധനങ്ങളുടെ വിലസർക്കാർ നിശ്ചയിച്ചു. • പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും നടത്തുന്നവർക്ക് കടിനശിക്ഷ നൽകി. • അളവുകളും തൂക്കങ്ങളും ഏകീകരിച്ചു. • സർക്കർ ധാന്യപ്പുരകൾ സ്ഥാപിച്ച് കർഷകരിൽ നിന്ന് ധാന്യങ്ങൾ വാങ്ങി സൂക്ഷിച്ചു. • ധാന്യങ്ങൾ ക്ഷാമകാലത്ത് മിതമായ വിലക്ക് വിതരണം ചെയ്തു. (any four)	4x1	4
19	➢ ജാതിവ്യവസ്ഥയെ എതിർത്തു ➢ സ്ത്രീ പുരുഷ സമത്വത്തിന് പ്രാധാന്യം നൽകി. ➢ വിധവാ വിവാഹം, മിശ്രഭോജനം, പ്രായപൂർത്തി വിവാഹം, എന്നിവയെ പ്രോത്സാഹിപ്പിച്ചു. ➢ പുനർജന്മ സിദ്ധാന്തത്തെ ചോദ്യം ചെയ്തു. ➢ സ്വാതന്ത്ര്യം സാമൂഹിക നീതി എന്നീ ആശയങ്ങൾ പ്രചരിപ്പിച്ചു. ➢ അധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു. (any four)	4x1	4
20	<u>**മനുഷ്യനിർമ്മിതം**</u> ➢ പുലിമുട്ടുകൾ നിർമ്മിക്കൽ. ➢ കടലോരങ്ങളിൽ പാറകൾ നിക്ഷേപിക്കൽ. <u>**സ്വാഭാവിക മാർഗ്ഗങ്ങൾ**</u> ➢ മണൽഭിത്തികൾ ➢ കടൽത്തീര പാറക്കെട്ടുകൾ	2x 1=2 2x1=2	4
21	✔ ജാതിവിവേചനത്തിനെതിരായ സാമൂഹിക സമത്വം എന്ന ചിന്ത ശക്തിപ്പെട്ടു. ✔ സ്ത്രീ പുരുഷ സമത്വം എന്ന ആശയം രൂപപ്പെടാൻ തുടങ്ങി. ✔ സാമൂഹികസമത്വമെന്ന ആശയത്തിന് പ്രചാരം ലഭിച്ചു. ✔ അനാചാരങ്ങൾ ചോദ്യം ചെയ്യപ്പെട്ടു.	4x 1	4
22	◆ പ്രകൃതിവിഭവങ്ങൾ ഒരു തലമുറയ്ക്ക് മാത്രം അനുഭവിക്കാനുള്ളതല്ല, വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് എന്ന കാഴ്ചപ്പാടാണ് സുസ്ഥിരവികസനം. <u>ലക്ഷ്യങ്ങൾ</u> ◆ പരിസ്ഥിതികലക്ഷ്യങ്ങൾ ◆ സാമ്പത്തികലക്ഷ്യങ്ങൾ ◆ സാമൂഹികലക്ഷ്യങ്ങൾ	1x1=1 3x1=3	4
23	<u>**സിർക്കുകൾ**</u> ➔ ഹിമാനികളുടെ അപരദനഫലമായി ഉണ്ടാകുന്ന ചാരുകസേരയുടെ രൂപത്തിലുള്ള താഴ്വരകളാണ് സിർക്കുകൾ <u>**മൊറൈനുകൾ**</u> ➔ ഹിമാനികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങൾ ഹിമ താഴ്വരയുടെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കപ്പെട്ടുണ്ടാകുന്ന ഭൂരൂപങ്ങൾ	1x 2=2 1x2=2	4

Colin Jose.E
HSA(SS)
Dr.AMMRHSS Kattela
Thiruvananthapuram

Biju.M
HSA(SS)
GHSS Parappa
Kasargod

<table>
<tr><td>24</td><td>എ. സ്വാതന്ത്ര്യത്തിനുള്ള അവകാശം
ബി. സമത്വത്തിനുള്ള അവകാശം
സി. സാംസ്കാരികവും വിദ്യാഭ്യസപരവുമായ അവകാശം
ഡി. ചൂഷണത്തിനെതിരെയുള്ള അവകാശം</td><td>4 x 1</td><td>4</td></tr>
<tr><td>25</td><td><u>സ്റ്റാലക് റ്റൈറ്റുകൾ</u>
ചുണ്ണാമ്പ് ശിലാഗുഹകളിൽ ജലവുമായി അലിഞ്ഞുചേർന്നുണ്ടായ ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ മേൽക്കൂരയിൽ നിന്ന് താഴേക്ക് തുള്ളിയായി വീഴുന്നു.
ഇതിന്റെ കുറച്ചുഭാഗം ഗുഹയുടെ മേൽഭാഗത്ത് പറ്റിപ്പിടിച്ചിരിക്കുന്നു.
ഈ പ്രക്രിയ ഏറെക്കാലം തുടരുന്നതിന്റെ ഫലമായി ഈ ചുണ്ണാമ്പു നിക്ഷേപരൂപങ്ങൾ തഴേക്ക് വളരുന്നതാണ് സ്റ്റാലക് റ്റൈറ്റുകൾ.
<u>സ്റ്റാലഗ് മൈറ്റുകൾ</u>
ഗുഹയുടെ മേൽക്കൂരയിൽനിന്ന് തുള്ളിയായി വീഴുന്ന ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ അടിത്തറയിൽ വീഴുമ്പോൾ അവിടെ അടിഞ്ഞുകൂടുന്ന ചുണ്ണാമ്പുനിക്ഷേപം താഴെ നിന്ന് മുകളിലേക്കു വളരുന്നു.
ഈ ഭൂരൂപങ്ങളാണ് സ്റ്റാലഗ് മൈറ്റുകൾ.</td><td>2

2</td><td>4</td></tr>
<tr><td>26</td><td>പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് റോഡുകൾ നിർമ്മിച്ചു.
സരായികൾ (വിശ്രമകേന്ദ്രങ്ങൾ) പണിതു.
ഏകീകൃത നികുതിസമ്പ്രദായം നടപ്പാക്കി.
തപാൽസമ്പ്രദായം കര്യക്ഷമമാക്കി.
കാര്യക്ഷമമായ നാണയസമ്പ്രദായം നടപ്പാക്കി (any four)</td><td>4x1</td><td>4</td></tr>
<tr><td></td><td>27 to 30 Answer any Two</td><td></td><td></td></tr>
<tr><td>27</td><td><table><tr><th>മുഗൾ പ്രാദേശികഭരണം</th><th>മറാത്ത പ്രാദേശികഭരണം</th></tr><tr><td>രാജ്യത്തെ സുബകൾ, സർക്കരുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.
ഇവ ഓരോന്നിന്റെയും ഭരണത്തിനായി ഉദ്യോഗസ്ഥരുടെ ഒരു ശ്രംഖല ഉണ്ടായിരുന്നു.
നികുതിപിരിവ്, നീതിന്യായനിർവഹണം, സൈനികമേൽനോട്ടം എന്നിവ ഇവരുടെ ചുമതലയായിരുന്നു</td><td>രാജ്യത്തെ പ്രവിശ്യകൾ, ജില്ലകൾ (പ്രാന്തങ്ങൾ), പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.
ഇവ കൂടാതെ സ്വരാജ്യ, മൊഗളൈ എന്നിങ്ങനെയും രാജ്യത്തെ രണ്ടായി വിഭജിച്ചിരുന്നു.
മൊഗളൈ പ്രദേശങ്ങളിൽ നിന്നും ചൗത്, സർദേശ് മുഖി എന്നി നികുതികൾ പിരിച്ചിരുന്നു.</td></tr></table></td><td>6 x 1</td><td>6</td></tr>
<tr><td>28</td><td>ചോളരാജാക്കന്മാർ രാജ്യത്തെ മണ്ഡലങ്ങൾ, വളനാട്ടുകൾ, നാട്ടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നു.
സ്വയംഭരണാധികാരമുള്ള ഗ്രാമങ്ങളുടെ സമൂഹമായിരുന്നു കൊട്ടം.
ഗ്രാമഭരണവുമായി ബന്ധപ്പെട്ട ചുമതലകളും അധികാരങ്ങളും ഗ്രാമീണജനതയിൽ നിക്ഷിപ്തമായിരുന്നു.
ഗ്രാമഭരണത്തിനായി ഊർ, സഭ എന്നീ രണ്ട് സമിതികൾ പ്രവർത്തിച്ചിരുന്നു.
ഗ്രാമത്തിലെ എല്ലാ ജനങ്ങളും ഉൾപ്പെടുന്നതാണ് ഊർ.
ബ്രാഹ്മണർ മാത്രം ഉൾപ്പെട്ടതായിരുന്നു സഭ.</td><td>6 x 1</td><td>6</td></tr>
</table>

29	• **കാലാവസ്ഥ** • പകൽ സമയത്ത് വീശുന്ന കടൽ കാറ്റും രാത്രി കാലങ്ങളിലെ കര കാറ്റും തീരപ്രദേശങ്ങളിലെ താപനിലയെ നിയന്ത്രിക്കുന്നു. • മഴ, കാറ്റ്, ചക്രവാതം തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ രൂപീകരണത്തിൽ സമുദ്രങ്ങൾക്ക് പങ്കുണ്ട്. • തീരപ്രദേശങ്ങളിൽ മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു. **കുടിവെള്ളം** • കടൽ വെള്ളത്തെ ശുദ്ധീകരിച്ച് കുടിവെള്ളമാക്കാം. • കടൽ വെള്ളം ശുദ്ധീകരിക്കാനുള്ള വിവിധ മാർഗ്ഗങ്ങളാണ് സ്വേദനം, ബാഷ്പീകരണം, സാന്ദ്രീകരണം, ഇലക്ട്രോ ഡയാലിസിസ്, വിപരീത ഓസ്മോസിസ്. • ഇന്ത്യയിൽ ചിലയിടങ്ങളിൽ സമുദ്രജല സ്വേദനം എന്ന മാർഗ്ഗമുപയോഗിച്ച് കടൽ വെള്ളം ശുദ്ധീകരിക്കുന്നു. **വൈദ്യുതി** • തിരമാലകൾ, വേലികൾ എന്നിവ വൈദ്യുതി ഉല്പാദനത്തിന് ഉപയോഗപ്പെടുത്തുന്നു. • തീരത്ത് ആഞ്ഞടിക്കുന്ന ശക്തമായ തിരമാലകൾ അവിടെ സ്ഥാപിച്ചിട്ടുള്ള ടർബൈനുകളെ കറക്കുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു. • വേലിയേറ്റ സമയത്ത് അകത്തേക്കും വേലിയിറക്ക സമയത്ത് പുറത്തേക്കും ജലം ശക്തമായി നീങ്ങുന്നതിന്റെ ഫലമായി ടർബൈനുകൾ കറങ്ങുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.	2 2 2	6
30	**വാവുവേലികൾ** ചിത്രം 5.5 പേജ് 76 • അമാവാസി പൗർണമി ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും ഭൂമിയും നേർരേഖയിൽ വരുന്നു. • ഈ ദിവസങ്ങളിൽ സൂര്യന്റെയും ചന്ദ്രന്റെയും ആകർഷണശക്തി കൂടുതലായിരിക്കും. • അതിനാൽ മറ്റ് ദിവസങ്ങളെ അപേക്ഷിച്ച് ശക്തമായ വേലിയേറ്റം ഉണ്ടാകുന്നു. • ഇവയാണ് വാവുവേലികൾ. **സപ്തമിവേലികൾ** ചിത്രം 5.6 പേജ് 76 • അമാവാസി പൗർണമി എന്നീ ദിവസങ്ങൾക്കുശേഷം ഏഴ് ദിവസം കഴിയുമ്പോൾ സൂര്യനും ഭൂമിയും ചന്ദ്രനും 90 ഡിഗ്രി കോണീയ അകലങ്ങളിൽ എത്തുന്നു. • ഈ ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും 90 ഡിഗ്രി കോണീയ അകലങ്ങളിൽ നിന്ന് ആകർഷിക്കുന്നതിനാൽ വളരെ ദുർബലമായ വേലികളാണ് ഉണ്ടാകുന്നത്. • ഇവയാണ് സപ്തമിവേലികൾ.	3 3	6

Colin Jose.E
HSA(SS)
Dr.AMMRHSS Kattela
Thiruvananthapuram

Biju.M
HSA(SS)
GHSS Parappa
Kasargod